**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1032 — 25.01.2018 -ലെ മറുപടിക്ക്

## ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

ചോദ്യം
**ശ്രീ.സണ്ണി ജോസഫ്:**

മറുപടി
**ശ്രീ. ടി.പി.രാമകൃഷ്ണൻ**
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) വിലയിരുത്തിയിട്ടുണ്ട്. 75 ലക്ഷത്തോളം തൊഴിലാളികൾ വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി ക്ഷേമനിധി ബോർഡുകൾ വഴി പെൻഷൻ, വിവാഹധനസഹായം, പ്രസവ ധനസഹായം, മരണാനന്തര ധനസഹായം, അപകട ചികിത്സാ ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നിങ്ങനെ നിരവധി ആനുകൂല്യങ്ങൾ അംഗങ്ങളായ തൊഴിലാളികൾക്ക് നൽകിവരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്ഷേമനിധി ബോർഡുകളിൽ സർക്കാർ ധനസഹായത്തോടെയാണ് പെൻഷൻ നൽകിവരുന്നത്. ഈ ബോർഡുകളുടെ പ്രവർത്തനങ്ങൾ തൊഴിൽ വകുപ്പ് മുഖേന ഏകോപിപ്പിക്കുകയും സർക്കാർ തലത്തിൽ കാലകാലങ്ങളിൽ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനായി എല്ലാ ബോർഡുകളിലും കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനായി ബോർഡുകൾക്ക് പൊതുവായി ഒരു സോഫ്റ്റ് വെയർ നിലവിലില്ല. എന്നാൽ ക്ഷേമനിധി ബോർഡുകളിലെ തൊഴിലാളികളുടെ ദ്വയാംഗത്വം കണ്ടുപിടിക്കുന്നതിനും, ആനുകൂല്യം വിതരണം സുതാര്യമാക്കുന്നതിനും എല്ലാ ബോർഡുകളിലും കമ്പ്യൂട്ടറൈസേഷനും, ഡിജിറ്റൈസേഷനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങളായ തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങൾ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം (AIIS) എന്ന സോഫ്റ്റ് വെയർ മുഖേന ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (സി) ആനുകൂല്യ വിതരണം, അപേക്ഷകളുടെ തീർപ്പാക്കൽ, അംശദായം ഒടുക്കൽ എന്നിവ എസ്.എം.എസ്. വഴി തൊഴിലാളികളെ അറിയിക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ടോ; | (സി) കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമായി നടപ്പാക്കുന്നതോടെ ആനുകൂല്യ വിതരണം, അപേക്ഷകളുടെ തീർപ്പാക്കൽ, അംശദായം ഒടുക്കൽ എന്നിവ എസ്.എം.എസ് വഴി തൊഴിലാളികളെ അറിയിക്കുന്നതിനുള്ള സംവിധാനം ലഭ്യമാക്കുന്നതാണ്. |
| (ഡി) വിവിധ ക്ഷേമനിധി ബോർഡുകളിൽ അംശദായം വർദ്ധിപ്പിക്കുന്നതിനും അതിന് ആനുപാതികമായി അംഗങ്ങളുടെ ആനുകൂല്യം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ? | (ഡി) വിവിധ ക്ഷേമനിധി ബോർഡുകളിൽ അംശദായം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ